**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1969** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഫാർമസിസ്റ്റ് റാങ്ക് പട്ടിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊല്ലം ജില്ലയിൽ ഫാർമസിസ്റ്റ് റാങ്ക് പട്ടിക നിലവിലുണ്ടോ; പ്രസ്തുത പട്ടികയിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; പ്രസ്തുത തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തു പരമാവധി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; | (എ) | ആരോഗ്യ വകുപ്പിൽ ഫാർമസിസ്റ്റ് തസ്തികയുടെ റാങ്ക് പട്ടിക നിലവിലുണ്ട്. 15 (പതിനഞ്ച്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.<br><br>ഒഴിവുകൾ കൃത്യമായി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ട നിർദ്ദേശം എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നൽകിയിട്ടുണ്ട്. |
| (ബി) | ആലപ്പുഴ ജില്ലയിലെ ഫാർമസിസ്റ്റ് തസ്തികയിൽ 18 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ ആറു നിയമനങ്ങൾ മാത്രമാണ് നടത്തിയിട്ടുള്ളതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 9 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. പ്രതീക്ഷിത ഒഴിവുകളിൽ നിയമന ശിപാർശ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട 16 പേർക്കും നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | 9 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. പ്രതീക്ഷിത ഒഴിവുകളിൽ നിയമന ശിപാർശ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ